എൽ.പി

കൂട

പരീക്ഷണം



പ്രവർത്തനം 5

# അമ്പട ഉറുമ്പേ...



ഉറുമ്പുകൾ നീണ്ട ജാഥയായി പോകുന്നത് നിങ്ങൾ കണ്ടിട്ടില്ലേ ? ചിലപ്പോൾ മുട്ടകളും പേറി കൂടൊഴിഞ്ഞു പോകുന്നതാകാം; ചിലപ്പോൾ ഭക്ഷണം ശേഖരിച്ച് കൂട്ടിലേക്ക് പോകുന്നതാകാം. അത്തരം ഒരു ഉറുമ്പു ജാഥയെ നിരീക്ഷിക്കൂ . ജാഥ ഇല്ലെങ്കിൽ ഉണ്ടാക്കണം.കുറച്ചുപഞ്ചസാരയോ ശർക്കരപ്പൊടിയോ ഒരിടത്ത് വിതറിയാൽ മതി. ഇനി നിങ്ങൾ ചെയ്യേണ്ടത് ഇതാണ് : ഉറുമ്പുകളുടെ പാതയിൽ ഒരു ചെറിയ തടസ്സം വെക്കുക. ഉദാ:– ഒരു ചെറിയ കല്ലോ കുപ്പിയുടെഅടപ്പോ.ഉറുമ്പുവഴിതിരിഞ്ഞുപോകുമോ

ഈ പ്രവർത്തനത്തിന്റെ
വിശദീകരണ വീഡിയോ കാണാം




അറിയാം
നിറയാം
ഉയരാം

യുറീക്ക-ശാസ്ത്രകേരളം
വിജ്ഞാനോത്സവം

## എൽ.പി

## കൂട

### പരീക്ഷണം



## പ്രവർത്തനം 5

കേറി ഇറങ്ങിപ്പോകുമോ ? കുറിച്ചു വെക്കൂ. ഇനി അല്പം കൂടി വലിയ ഒരു തടസ്സം വെക്കൂ. പിന്നെ നീളം കൂടിയ തടസ്സം (ഒരു പെൻസിൽ ). പിന്നെ നീളവും ഉയരവും കൂടിയത് (ഒരു മരക്കഷണം ) പിന്നെ ഒരു ഗ്ലാസ്സ് , ഒരു നുള്ള് ചാരം, ഒരു കടലാസ് മടക്കിയത് ... ഇങ്ങനെ നിങ്ങടെ ഭാവനയ്ക്കൊത്ത് എന്തും. ഓരോ സമയത്തുമുള്ള ഉറുമ്പുകളുടെ പ്രതികരണം കുറിക്കുകയും വീഡിയോയിൽ പകർത്തുകയും ചെയ്യൂ. ഉറുമ്പുകളുടെ പെരുമാറ്റത്തെ പറ്റി നിങ്ങൾ എന്താണ് കണ്ടെത്തിയത്?



അറിയാം
നിറയാം
ഉയരാം

യുറീക്ക-ശാസ്ത്രകേരളം
വിജ്ഞാനോത്സവം